മുദ്രകൾ

# ബൊക്കോ ഹറാം നൈജീരിയയിലെ താലിബാൻ



**ബൊക്കോ** ഹറാം എന്നാൽ 'പാശ്ചാത്യം നിഷിദ്ധം' എന്നാണർഥം. നൈജീരിയയിൽ അടുത്ത കാലത്ത് പൊട്ടിമുളച്ച ഒരു കൊടും തീവ്രവാദി സംഘമാണിത്. കഴിഞ്ഞ ജൂലൈ അവസാനവാരം നൈജീരിയയെ രക്തപങ്കിലമാക്കിയ കലാപത്തിന്റെ ആസൂത്രകർ. മുന്നൂറിലധികം പേരാണ് കലാപത്തിൽ കൊല്ലപ്പെട്ടത്. ഗവൺമെന്റ് സ്ഥാപനങ്ങളും പോലീസ് സ്റ്റേഷനുകളും ആക്രമിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയാണ് ബൊക്കോ ഹറാമിന്റെ ശൈലി. ഇതിനെ സൈന്യം ശക്തമായി നേരിട്ടതാണ് രക്തചൊരിച്ചിലിന് കാരണമായത്. കൊല്ലപ്പെട്ടവരിൽ അധികവും ബൊക്കൊ ഹറാം കലാപകാരികൾ തന്നെ.

പേരു പോലെ പാശ്ചാത്യമായ എന്തിനെയും കണ്ണടച്ച് എതിർക്കുക എന്നതാണ് ഇവരുടെ രീതി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പാശ്ചാത്യ മാതൃകയിലാണെന്നും അവ അടിമുടി മാറ്റണമെന്നുമാണ് അവരുടെ പ്രധാന ആവശ്യം. ഉടനടി ശരീഅത്ത് വ്യവസ്ഥ നടപ്പിൽ വരുത്തണമെന്നും അവർ ശഠിക്കുന്നു. കടുത്ത ഭാഷയിലാണ് മുസ്‌ലിം സംഘടനകൾ ബൊക്കോ ഹറാമിനെ വിമർശിക്കുന്നത്. "ഇവർ ഇസ്‌ലാമിനെയല്ല പ്രതിനിധീകരിക്കുന്നത്. ആത്മാർഥതയുള്ള ഓരോ മുസ്‌ലിമും ഇവരെ അകറ്റി നിർത്തണം"- ഇസ്‌ലാമിക കാര്യങ്ങൾക്കായുള്ള നൈജീരിയൻ സുപ്രീം കൗൺസിലിന്റെ അധ്യക്ഷൻ ഡോ. അബ്ദുല്ലത്വീഫ് അഡഗ്ബിത്ത പറഞ്ഞു.

നൈജീരിയൻ താലിബാൻ എന്നറിയപ്പെടുന്ന ഈ സംഘം 2002-ൽ ആണ് സ്ഥാപിതമായത്. ബോർനോ സംസ്ഥാനത്തിന്റെ തലസ്ഥാനമായ മൈഡുഗുരിയാണ് സംഘത്തിന്റെ ആസ്ഥാനം. മതപണ്ഡിതനായ മുഹമ്മദ് യൂസുഫ് എന്നൊരാളാണ് ഇതിന്റെ സ്ഥാപകൻ. ഇടക്കു വെച്ച് പഠനം നിർത്തി തെണ്ടിത്തിരിയുന്ന യുവാക്കളാണ് ഇതിലേക്ക് കൂടുതലും ആകർഷിക്കപ്പെടുന്നത്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി സംഘം മതത്തെ കരുവാക്കുകയാണെന്നാണ് പൊതുവെയുള്ള നിരീക്ഷണം.

നൈജീരിയയുടെ തെക്കൻ തീരപ്രദേശങ്ങളിൽ ക്രിസ്ത്യാനികളും വടക്കൻ ഭാഗങ്ങളിൽ മുസ്‌ലിംകളുമാണ് കൂടുതലായി അധിവസിക്കുന്നത്. രാഷ്ട്രീയ, മതകീയ ഭിന്നിപ്പുകൾ ഇവർക്കിടയിൽ കലാപങ്ങൾക്ക് വഴിമരുന്നിട്ടുകൊണ്ടേയിരിക്കുന്നു. അതിനിടയിൽ ബൊക്കോ ഹറാമിനെപ്പോലുള്ള ഒരു വിഭാഗത്തിന്റെ ആവിർഭാവം എരിതീയിൽ എണ്ണയൊഴിക്കുന്നതിന് തുല്യമാവും. ■

# ഗോളടിച്ചാൽ ഗ്രൗണ്ടിൽ സുജൂദ് ചെയ്യാം



**അന്താരാഷ്ട്ര** ഫുട്ബോൾ കളിക്കളങ്ങളിൽ ഗോളടിക്കുന്ന കളിക്കാരൻ ദൈവത്തിനോടുള്ള നന്ദിസൂചകമായി കുരിശ്‌വരക്കുന്നത് ഒരു സ്ഥിരം കാഴ്ചയാണ്. അതൊരു വിവാദവിഷയമായിരുന്നില്ല. രണ്ടു മാസം മുമ്പ് ദക്ഷിണാഫ്രിക്കയിൽ നടന്ന കോൺഫഡറേഷൻ കപ്പ് ടൂർണമെന്റിൽ മികച്ച കളി പുറത്തെടുത്ത ഈജിപ്ഷ്യൻ കളിക്കാർ ഗോളടിക്കുമ്പോഴും ടീം വിജയിക്കുമ്പോഴും ഗ്രൗണ്ടിൽ സുജൂദ് ചെയ്യാൻ തുടങ്ങിയതോടെയാണ്, മതകീയമായ ഇത്തരം പ്രവൃത്തികൾ ഗ്രൗണ്ടിൽ വെച്ചാകാമോ എന്ന ചർച്ച ചൂടുപിടിക്കുന്നത്. ഇതിനെതിരെ ഡെൻമാർക്ക് ഫുട്ബോൾ അസോസിയേഷൻ പരാതി കൊടുക്കുകയും ലോക ഫുട്ബോൾ അസോസിയേഷൻ (ഫിഫ) ഏറക്കുറെ അത് അംഗീകരിക്കുകയും ചെയ്തിരുന്നതാണ്.

പിന്നെയാണ് കളിക്കളത്തിൽ കുരിശ്‌വരക്കലോ സുജൂദ് ചെയ്യലോ നിരോധിച്ചിട്ടില്ല എന്ന വിശദീകരണവുമായി ഫിഫ രംഗത്ത് വരുന്നത്. പക്ഷേ, ഇതിനപ്പുറം പോയിക്കൂടാ. ജഴ്സിയിൽ മതചിഹ്നങ്ങൾ പതിക്കുന്നതും രാഷ്ട്രീയാഭിപ്രായങ്ങൾ എഴുതിവെക്കുന്നതും തടയും. ജഴ്സിക്കകത്ത് മറ്റൊരു ബനിയൻ ധരിച്ച് അതിൽ പലതും എഴുതിവെച്ച് ഗ്രൗണ്ടിൽ ഇറങ്ങുന്ന ചില വിരുതന്മാരുണ്ട്. ഗോളടിക്കുമ്പോൾ ജഴ്സി പൊക്കി ആ എഴുത്ത് അവർ കാണികളെ കാണിക്കും. ഇത് ചെയ്യുന്നവനും ഇനിമേൽ പിഴ ഒടുക്കേണ്ടിവരും. ■